പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

**തൊഴിലുറപ്പ് പദ്ധതി**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1418 — 16.03.2015 ൽ മറുപടിക്ക്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി.എ.മാധവൻ<br>" പാലോട് രവി<br>" സണ്ണി ജോസഫ്<br>" ലൂഡി ലൂയിസ് | | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാർ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി കാര്യക്ഷമമാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം ഇക്കാലയളവിൽ എന്തെല്ലാം ഭൗതിക സാമ്പത്തിക നേട്ടങ്ങളാണ് കൈവരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ; | (ബി) | അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു. |
| (സി) | പ്രസ്തുത പദ്ധതിയിലെ സ്ത്രീ തൊഴിലാളികൾക്ക് എന്തെല്ലാം പ്രോൽസാഹനങ്ങളും ആനുകൂല്യങ്ങളും നൽകിയിട്ടുണ്ടെന്ന് വിശദമാക്കുമോ ; | (സി) | 2011-12 സാമ്പത്തിക വർഷം 90 ദിവസം തൊഴിലുറപ്പ് പദ്ധതിയിൽ പണിയെടുത്ത 1,04,549 കുടുംബങ്ങളിലെ സ്ത്രീ തൊഴിലാളികൾക്ക് കുട്ടികളുടെ വിദ്യാഭ്യാസ ആവശ്യത്തിനായി 1,000/- രൂപാ വീതം ധനസഹായം നൽകി. ഇതിലേക്കായി 10.46 കോടി രൂപ സർക്കാർ അനുവദിച്ചിരുന്നു. 2012-13 സാമ്പത്തിക വർഷം തൊഴിലുറപ്പ് പദ്ധതിയിൽ 100 ദിവസം ജോലിചെയ്ത സ്ത്രീതൊഴിലാളികൾക്ക് ഓണത്തോടനുബന്ധിച്ച് 400 രൂപയിൽ അധികരിക്കാത്ത തുകയുള്ള ഓണക്കോടി വിതരണം ചെയ്തു. ഇതിലേക്കായി 13,61,24800/- രൂപ സർക്കാർ അനുവദിച്ചു. |
| (ഡി) | ഈ സർക്കാർ പദ്ധതി നിർവ്വഹണത്തിൽ എന്തെല്ലാം നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ നൽകുമോ ? | (ഡി) | വിവരം ശേഖരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം.1

സംസ്ഥാനത്ത്, തൊഴിലുറപ്പ് പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

1. തൊഴിലുറപ്പ് പദ്ധതിയിൽ ഈടുറ്റ ആസ്തികൾ സൃഷ്ടിക്കുന്നതിന് സഹായകമായ സാധനസാമഗ്രികളുടെ വാങ്ങൽ, സംഭരണം, വിനിയോഗം എന്നിവ സംബന്ധിച്ച് വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും സാധന-സാമഗ്രികൾ ഉപയോഗിച്ചുള്ള ആസ്തികൾ സൃഷ്ടിച്ചു വരികയും ചെയ്യുന്നു.
2. കൂലിവിതരണത്തിലെ കാലതാമസം ഒഴിവാക്കുന്നതിനായി സംസ്ഥാനത്ത് ഇലക്ട്രോണിക് ഫണ്ട് മാനേജ്മെന്റ് സിസ്റ്റം നടപ്പാക്കി. ഇതുവഴി വാണിജ്യ ബാങ്കുകൾ, പോസ്റ്റാഫീസുകൾ എന്നിവിടങ്ങളിൽ അക്കൗണ്ടുള്ള തൊഴിലാളികളുടെ വേതനം സംസ്ഥാനത്തെ നോഡൽ ബാങ്കിൽ നിന്നും പ്രസ്തുത തൊഴിലാളികളുടെ അക്കൗണ്ടിലേക്ക് നേരിട്ട് വിതരണം ചെയ്ത് വരുന്നു.
3. ചെയ്ത പ്രവൃത്തികളുടെ അളവുകൾ രേഖപ്പെടുത്തുന്നതിലും അത് ചെക്ക് മെഷർ ചെയ്യുന്നതിലും ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിന് വാല്യൂവേഷൻ ബേയ്സ്ഡ് പേയ്മെന്റ് സമ്പ്രദായം നടപ്പിൽ വരുത്തി.
4. തൊഴിൽ ആവശ്യപ്പെട്ട കുടുംബത്തിന് പതിനഞ്ച് ദിവസത്തിനുള്ളിൽ തൊഴിൽ നൽകിയില്ലായെങ്കിൽ പ്രസ്തുത കുടുംബത്തിന് 16-ാം ദിവസം മുതൽ തൊഴിലില്ലായ്മാ വേതനത്തിന് അർഹതയുണ്ടായിരിക്കുമെന്ന് നിയമം അനുശാസിക്കുന്നു. തൊഴിലില്ലായ്മാ വേതനം നൽകുന്നതിനുള്ള കരട് ചട്ടങ്ങൾ തയ്യാറാക്കിയിട്ടുണ്ട്.
5. പദ്ധതി പ്രവർത്തനങ്ങൾ സംസ്ഥാനത്തിന്റെ പ്രത്യേക സാഹചര്യത്തിൽ കൂടുതൽ ഫലപ്രദമായി നിർവ്വഹിക്കുന്നതിന് സർക്കാരിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിന് മുൻ എം.എൽ.എ ശ്രീ. എം. മുരളിയുടെ അദ്ധ്യക്ഷതയിൽ ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തിയിരുന്നു. പ്രസ്തുത കമ്മിറ്റി എല്ലാ ജില്ലകളിലും സിറ്റിംഗ് നടത്തുകയും വിശദമായ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിലെ ശുപാർശകൾ പരിശോധിച്ച് നടപടികൾ സ്വീകരിച്ച് വരുന്നു.
6. തൊഴിലുറപ്പ് പദ്ധതി സമൂഹത്തിൽ ഉണ്ടാക്കിയിട്ടുള്ള സാമൂഹ്യ-സാമ്പത്തിക ഫലങ്ങളെക്കുറിച്ച് പഠിക്കുന്നതിന് ഗവേഷണ കേന്ദ്രങ്ങളെ ചുമതലപ്പെടുത്തി.
7. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി കേന്ദ്രസർക്കാർ പുറപ്പെടുവിച്ച പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ ജനപ്രതിനിധികളിൽ എത്തിക്കുന്നതിന് സംസ്ഥാനതലത്തിൽ പരിശീലന റിസോഴ്സ് ടീം രൂപീകരിക്കുകയും അവരുടെ നേതൃത്വത്തിൽ എല്ലാ ജില്ലകളിലും പരിശീലനങ്ങൾ നടത്തുകയും ചെയ്തു.

8. സങ്കടപരിഹാര സംവിധാനം കാര്യക്ഷമമാക്കുന്നതിന് ഓംബുഡ്സ്മാൻമാരെ നിയമിച്ചു.
9. പദ്ധതി പ്രവർത്തനങ്ങളുടെ ഗുണമേന്മ പരിശോധിച്ച് സംസ്ഥാന മിഷന് റിപ്പോർട്ട് സമർപ്പിക്കുന്നതിന് എല്ലാ ജില്ലകളിലും സ്റ്റേറ്റ് ക്വാളിറ്റി മോണിറ്റർമാരെ നിയമിച്ചു.
10. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മറ്റ് വികസന വകുപ്പുകളുമായി സംയോജിപ്പിച്ച് (convergence) പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനുള്ള തുടക്കം കുറിച്ചിട്ടുണ്ട്. സംസ്ഥാനത്തെ വികസന വകുപ്പ് അദ്ധ്യക്ഷൻമാരുടെ രണ്ട് റൗണ്ട് യോഗം ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ട്. ഐ.എ.വൈ ഭവനനിർമ്മാണ പദ്ധതി, കെ.എഫ്.ആർ.ഐ, ബാംബൂമിഷൻ എന്നിവയുമായി സഹകരിച്ച് പൊതു സ്ഥലങ്ങളിൽ മുളംതൈകൾ വച്ച് പിടിപ്പിക്കൽ എന്നീ പദ്ധതികൾ തൊഴിലുറപ്പ് പദ്ധതിയുമായി ഉദ്ഗ്രഥിച്ച് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.
11. നിയമത്തിൽ അനുശാസിക്കുന്ന സംസ്ഥാന തൊഴിലുറപ്പ് നിധി രൂപീകരിക്കുകയും 2012-13 സാമ്പത്തിക വർഷം മുതൽ കേന്ദ്ര-സംസ്ഥാന വിഹിതം പ്രസ്തുത നിധിയിൽ നിക്ഷേപിച്ച് വിനിയോഗിക്കുന്ന രീതി അവലംബിച്ചു.
12. തൊഴിലാളികളുടെ തൊഴിൽ സമയം രാവിലെ 8 മണി മുതൽ 5 മണി വരെ എന്നുള്ളത് രാവിലെ 9 മുതൽ വൈകുന്നേരം 5 വരെ ഒരു മണിക്കൂർ വിശ്രമം ഉൾപ്പെടെ 8 മണിക്കൂറായി ക്രമീകരിച്ചു.
13. പദ്ധതിയിൽ 2011-12 സാമ്പത്തികവർഷം 60 ലക്ഷംരൂപ ചെലവ് രേഖപ്പെടുത്തിയ പഞ്ചായത്തുകളിൽ അധികമായി ഒരു എഞ്ചിനീയർ/ ഓവർസീയറെയും ഒരു അക്കൗണ്ടന്റ് കം ഡേറ്റാ എൻട്രി ഓപ്പറേറ്ററെയും നിയമിക്കുന്നതിനും ഉത്തരവ് പുറപ്പെടുവിച്ചു.
14. പദ്ധതിയിൽ 2012-13 സാമ്പത്തികവർഷം 2 കോടി രൂപ ചെലവ് രേഖപ്പെടുത്തിയ പഞ്ചായത്തുകളിൽ മൂന്നാമത് ഒരു എഞ്ചിനീയർ/ ഓവർസീയറെയും ഒരു അക്കൗണ്ടന്റ് കം ഡേറ്റാ എൻട്രി ഓപ്പറേറ്ററെയും നിയമിക്കുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചു.
15. 2012-13 സാമ്പത്തിക വർഷം ഭരണചെലവ് ഇനത്തിൽ എല്ലാ ഗ്രാമപഞ്ചായത്തുകളുടെയും ബ്ലോക്ക് പഞ്ചായത്തിന്റെയും ചെലവ് ആകെ ചെലവിന്റെ നാല്ശതമാനത്തിൽ അധികരിക്കാത്ത ബ്ലോക്കുകളിൽ രണ്ടാമത്തെ അക്കൗണ്ടന്റ് കം ഡേറ്റാ എൻട്രി ഓപ്പറേറ്ററെ നിയമിക്കുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചു.
16. 2011-12 സാമ്പത്തിക വർഷം 90 ദിവസം പണിയെടുത്ത, 1,04,549 കുടുംബങ്ങളിലെ സ്ത്രീ തൊഴിലാളികൾക്ക് 1,000/- രൂപാ വീതം ധനസഹായം നല്കി.
17. 2012-13 സാമ്പത്തിക വർഷം 100 ദിവസം ജോലി ചെയ്ത എല്ലാ സ്ത്രീതൊഴിലാളികൾക്കും ഓണത്തോടനുബന്ധിച്ച് 400 രൂപയിൽ അധികരിക്കാത്ത തുകയ്ക്കുള്ള ഓണക്കോടി വിതരണം ചെയ്യുകയുണ്ടായി.

18. അട്ടപ്പാടിയിലെ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് നിലവിലുള്ള 100 തൊഴിൽദിനങ്ങൾക്ക് പുറമേ സംസ്ഥാന സർക്കാർ ഫണ്ട് ഉപയോഗിച്ച് 100 അധിക തൊഴിൽദിനങ്ങൾ നൽകുന്നതിനുള്ള 'അട്ടപ്പാടി 100+' പദ്ധതി രൂപീകരിക്കുകയും ഇതിലേക്കായി 577.60 ലക്ഷം രൂപ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.
19. കാര്യക്ഷമമായ പദ്ധതി നിർവ്വഹണം വഴി പ്രതീക്ഷിത ലക്ഷ്യം കൈവരിച്ചതിനാൽ കേന്ദ്രസർക്കാർ തന്നെ സംസ്ഥാനത്തിന്റെ ലേബർ ബഡ്ജറ്റ് 2011-12 ലും 2012-13 ലും പുതുക്കി അനുവദിക്കുകയുണ്ടായി.
20. അട്ടപ്പാടിയിലെ അർഹരായ മുഴുവൻ പട്ടിക വർഗ്ഗ കുടുംബങ്ങളെയും തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്യിപ്പിക്കുന്നതിനും അവർക്ക് ഉപജീവനവുമായി ബന്ധപ്പെട്ട വ്യക്തിഗത ആസ്തികളും ഊരുകളിൽ സാമൂഹ്യആസ്തികളും നിർമ്മിക്കുക എന്ന ലക്ഷ്യത്തോടെ ഒരു പ്രത്യേക ക്യാമ്പയിൻ ("പാര ഫൈവ്" കാമ്പയിൻ) സംഘടിപ്പിച്ചിരുന്നു. പ്രസ്തുത കാമ്പയിനിലൂടെ വ്യക്തിഗത/സാമൂഹ്യ ആസ്തികളുടെ ആവശ്യകത തിട്ടപ്പെടുത്തുകയും നിർവ്വഹണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.
21. ഗ്രാമപ്രദേശങ്ങളിലെ അവശ വിഭാഗങ്ങളായ പട്ടികജാതി, പട്ടികവർഗ്ഗ, മത്സ്യതൊഴിലാളി കുടുംബങ്ങളെ സമ്പൂർണ്ണമായും പദ്ധതിയിൽ ഉൾപ്പെടുത്തി (100% inclusion) അവരുടെ ഭൂമിയുടെ ഉല്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനും വിഭവാടിത്തറ ശക്തിപ്പെടുത്തി ഉപജീവന സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് വ്യക്തിഗത/സാമൂഹ്യ ആസ്തികളുടെ നിർമ്മാണം ഏറ്റെടുക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ 'ശ്രദ്ധ' എന്ന പേരിൽ ഒരു പദ്ധതിയ്ക്ക് തുടക്കം കുറിച്ചു.
22. കേന്ദ്രസർക്കാർ, പങ്കാളിത്ത ആസൂത്രണ പ്രക്രിയയിലൂടെ തൊഴിലുറപ്പ് പദ്ധതിയുടെ ലേബർ ബഡ്ജറ്റും വാർഷിക കർമ്മ പദ്ധതിയും രൂപീകരിക്കുന്നതിന് നിർദ്ദേശിച്ച ഊർജ്ജിത പങ്കാളിത്ത ആസൂത്രണ പ്രക്രിയയിലൂടെയും മറ്റ് ബ്ലോക്കുകളിൽ സംസ്ഥാന സർക്കാർ 2008 ൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ലേബർബഡ്ജറ്റും വാർഷിക കർമ്മ പദ്ധതിയും തയ്യാറാക്കുന്നതിന് നിർദ്ദേശം നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ സംസ്ഥാനത്തിന്റെ 2015-16 വർഷത്തെ ലേബർ ബഡ്ജറ്റ് കേന്ദ്രസർക്കാരിന്റെ അനുമതിയ്ക്കായി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

അനുബന്ധം 2

| ക്രമനം | ഘടകം | 2011-12 | 2012-13 | 2013-14 | 2014-15 (11.03.2015 വരെ) |
| --- | --- | --- | --- | --- | --- |
| 1 | രജിസ്റ്റർ ചെയ്ത കുടുംബങ്ങൾ | 18.86 | 25.53 | 28.43 | 30.32 |
| 2 | തൊഴിൽ കാർഡ് ലഭിച്ച കുടുംബങ്ങൾ (ക്യുമിലേറ്റീവ്) (ലക്ഷത്തിൽ) | 18.73 | 25.15 | 28.43 | 30.07 |
| 3 | തൊഴിൽ ലഭിച്ച കുടുംബങ്ങൾ (ലക്ഷത്തിൽ) | 14.16 | 16.93 | 15.23 | 13.05 |
| 4 | സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ (ലക്ഷത്തിൽ) | 633.10 | 837.72 | 865.94 | 465.66 |
| 5 | തൊഴിൽ ആവശ്യപ്പെട്ട കുടുംബത്തിന് ശരാശരി ലഭിച്ച തൊഴിൽ ദിനങ്ങൾ | 45 | 49 | 57 | 35.66 |
| 6 | 100 ദിവസം പൂർത്തീകരിച്ച കുടുംബങ്ങളുടെ എണ്ണം (ലക്ഷത്തിൽ) | 1.24 | 3.40 | 4.06 | 0.35 |
| 7 | ആകെചെലവ് ( രൂപ ലക്ഷത്തിൽ) | 104807.84 | 141637.10 | 170738.02 | 140153.28 |
| 8 | അവിദഗ്ദ്ധ തൊഴിൽ വേതനം (ലക്ഷത്തിൽ) | 97167.22 | 131671.46 | 163969.5 | 132216.59 |